സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 163 2024 ഒക്ടോബർ 14 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ബൈക്ക് മോഷ്ടിച്ച് ചവിട്ടിത്തള്ളി വീട്ടിലെത്തിച്ചു; കൊച്ചിയിൽ പട്ടാപ്പകൽ നടന്ന മോഷണം

കൊച്ചി: പട്ടാപ്പകൽ ബൈക്ക് മോഷണം. കഴിഞ്ഞ വെള്ളിയാഴ്ച ഇടപ്പള്ളിയിലെ ഷോപ്പിങ് മാളിന് മുന്നിൽനിർത്തിയിട്ട ബൈക്കാണ് രണ്ടുപേർ മോഷ്ടിച്ച് കടത്തിക്കൊണ്ടുപോയത്. സംഭവത്തിൽ പ്രതികളായ കൊല്ലം സ്വദേശി സാവിയോ, കൊടുങ്ങല്ലൂർ സ്വദേശി ചാൾസ് എന്നിവരെ പോലീസ് പിടികൂടി. മറ്റൊരു ബൈക്കിലെത്തിയ ഇരുവരും മോഷ്ടിച്ച ബൈക്ക് ചവിട്ടിത്തള്ളിയാണ് കൊച്ചിയിലെ വാടകവീട്ടിലെത്തിച്ചത്. ഇവർക്കൊപ്പമുണ്ടായിരുന്ന മറ്റൊരാൾ ഈ ദൃശ്യങ്ങൾ പകർത്തിയിരുന്നു. തുടർന്ന് സിസിടിവി ദൃശ്യങ്ങളുടെ ഉൾപ്പെടെ സഹായത്തോടെ പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഈ വീട് കണ്ടെത്തിയത്. പിന്നാലെ കൊല്ലത്തുനിന്ന് രണ്ട് പ്രതികളെയും പിടികൂടുകയായിരുന്നു.

# അതിജീവിത നൽകിയ ഹർജി തള്ളി

## മെമ്മറി കാർഡ് അനധികൃതമായി തുറന്നതിൽ അന്വേഷണമില്ല

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ ദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡ് അനധികൃതമായി തുറന്നതിൽ പോലീസ് അന്വേഷണം ഇല്ല. അതിജീവിതയുടെ ആവശ്യം ഹൈക്കോടതി തള്ളി.ഹർജി നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് കോടതി. മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതിൽ കൃത്യമായ അന്വേഷണം നടത്തിയിട്ടില്ല എന്നായിരുന്നു അതിജീവിതയുടെ വാദം. അതിജീവിതയുടെ ആവശ്യം അംഗീകരിക്കരുത് എന്നായിരുന്നു കേസിലെ എട്ടാം പ്രതിയായ ദിലീപിന്റെ നിലപാട്.

നടിയെ ആക്രമിച്ച കേസിൽ ഏറ്റവും സുപ്രധാന തെളിവാണ് ദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡ്. മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതിൽ അതിജീവിതയുടെ ആവശ്യപ്രകാരമാണ് ഹൈക്കോടതി അന്വേഷണത്തിന് നിർദ്ദേശം നൽകിയത്. തുടർന്ന് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി വസ്തുതാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് റദ്ദാക്കണമെന്നാണ് അതിജീവിതയുടെ ആവശ്യം. മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതിൽ കൃത്യമായ അന്വേഷണം നടത്തിയിട്ടില്ല എന്നാണ് അതിജീവിതയുടെ വാദം.

അതുകൊണ്ടുതന്നെ വിഷയത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ അന്വേഷണമാണ് അതിജീവിത ആവശ്യപ്പെട്ടത്. ഒരിക്കൽ തീർപ്പാക്കിയ കേസിൽ ഉപഹർജി നിലനിൽക്കില്ലെന്നായിരുന്നു ദിലീപിന്റെ വാദം. നേരത്തെ അതിജീവിതയ്ക്ക് വസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നതിനേയും ദിലീപ് എതിർത്തിരുന്നു.

മെമ്മറി കാർഡിന്റെ ഹാഷ് വാല്യുവിൽ രണ്ട് തവണ മാറ്റം വന്നുവെന്നാണ് ഫോറൻസിക് പരിശോധനയിൽ കണ്ടെത്തിയത്. ഇതിൽ അന്വേഷണം നടത്താൻ നേരത്തെ ഹൈക്കോടതി വിചാരണ കോടതിയോട് ആവശ്യപ്പെട്ടിരുന്നു. മെമ്മറി കാർഡിലുള്ളത് തന്റെ വ്യക്തിപരമായ വിവരങ്ങളാണ്. അത് പുറത്തുപോവുന്നത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. ഹാഷ് വാല്യു മാറിയത് എങ്ങനെയെന്ന് കണ്ടെത്തണം. വിചാരണ കോടതി നടത്തിയ അന്വേഷണം തൃപ്തികരമല്ല എന്നാണ് ഹർജിയിൽ അതിജീവിത ചൂണ്ടിക്കാട്ടുന്നത്.

തന്റെ സ്വകാര്യദൃശ്യങ്ങളാണ് മെമ്മറികാർഡിലുള്ളതെന്ന് അതിജീവിത ഹർജിയിൽ പറയുന്നു. ഈ ദൃശ്യങ്ങൾ പുറത്തുവരുമോയെന്നതിൽ ആശങ്കയുള്ളതായും ഇതിനുപിന്നിൽ ആരാണെന്ന് കണ്ടെത്തണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

## കോഴക്കേസ്: സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയതിനെതിരേ ഹൈക്കോടതിയെ സമീപിക്കും

തിരു : മഞ്ചേശ്വരം കോഴക്കേസിൽ പുനഃപരിശോധനാ ഹർജി നൽകാനൊരുങ്ങി സർക്കാർ. കെ. സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയതിനെതിരേ ഹൈക്കോടതിയെ സമീപിക്കും. സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയത് സി.പി.എം.-ആർ.എസ്.എസ്. ഡീൽ ആണെന്ന പ്രതിപക്ഷത്തിന്റെ ആരോപണത്തിനിടെയാണ് നടപടി.

സണ്ണി ജോസഫ്, സനീഷ് കുമാർ ജോസഫ്, സി.ആർ. മഹേഷ്. റോജി എം. ജോൺ എന്നിവരുടെ ചോദ്യങ്ങൾക്കാണ് രേഖാമൂലം സർക്കാർ കേസുമായി മുന്നോട്ടു പോകുന്നു എന്ന മറുപടി നൽകിയത്.

വലിയോതോതിലുള്ള വിമർശനം കേസുമായി ബന്ധപ്പെട്ട് സഭയിൽ തന്നെ ഉയർന്നു വന്നിരുന്നു. കെ. സുരേന്ദ്രനെ രക്ഷിക്കാനായി ഒത്തുകളി നടന്നിട്ടുണ്ട് എന്നായിരുന്നു പ്രതിപക്ഷത്തിന്റെ ആരോപണം. കേസിൽ കോടതിയിൽ നിന്ന് തിരിച്ചടിയുണ്ടായപ്പോൾ എന്തുകൊണ്ട് പുനഃപരിശോധനാ ഹർജിയുൾപ്പടെയുള്ള തുടർനടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നില്ല എന്നായിരുന്നു ഉയർന്ന ചോദ്യം. അതിനെ പ്രതിരോധിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തിയത്. മൂന്നു ഉപതിരഞ്ഞെടുപ്പുകൾ വരാനിരിക്കുന്ന സാഹചര്യത്തിൽ മഞ്ചേശ്വരം കോഴക്കേസിലുള്ള ചർച്ചകൾ നിർണായകമാണ്.

## മൂന്ന് ആഴ്ചയായി ഒന്നും പറഞ്ഞിട്ടില്ല; എന്നിട്ടും അറസ്റ്റ്, ഇപ്പോ ആരാ കളിക്കുന്നത്: ബാല

കൊച്ചി: മൂന്ന് ആഴ്ചയായി താൻ മുൻ ഭാര്യക്കും മകൾക്കുമെതിരെ ഒന്നും പറഞ്ഞിട്ടില്ലെന്ന് നടൻ ബാല. എന്നിട്ടും ഇപ്പോൾ അറസ്റ്റു ചെയ്തെന്ന് മനസ്സിലാകുന്നില്ലെന്നും ബാല പറഞ്ഞു. പോലീസ് വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോകുന്നതിനിടെയാണ് ബാലയുടെ പ്രതികരണം.

"ഞാൻ മൂന്ന് ആഴ്ചയായി ഈ വിഷയത്തിൽ പ്രതികരണമൊന്നും നടത്തിയിട്ടില്ല. ഞാൻ അക്കാര്യത്തിൽ കൊടുത്ത ഉറപ്പ് പാലിച്ചിട്ടിട്ടുണ്ട്. പിന്നെ എന്തിനാണ് ഇപ്പോൾ അറസ്റ്റ് ചെയ്തതെന്ന് തനിക്ക് അറിയില്ല. എന്തിനുവേണ്ടിയാണെന്ന് എല്ലാവർക്കും അറിയാം ഇപ്പോ ആരാണ് കളിക്കുന്നതെന്ന് പരിശോധിക്കണം. കുടുംബത്തെ ഇപ്പോൾ വലിച്ചിഴക്കുന്നത് ഞാനല്ല"

മുൻ ഭാര്യയുടെ പരാതിയിൽ പോലീസ് അസ്റ്റ് ചെയ്ത ബാലയെ പോലീസ് വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോയി. ബാലയുടെ മാനേജർ രാജേഷും അറസ്റ്റിലായതായി റിപ്പോർട്ടുണ്ട്. വൈദ്യപരിശോധനയ്ക്ക് ശേഷം ബാലയെ എറണാകുളം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. ജുവനൈൽ ജസ്റ്റിസ് ആക്ടട് പ്രകാരം ജാമ്യമില്ലാ കുറ്റമാണ് നടനെതിരെ ചുമത്തിയിരിക്കുന്നത്. പോലീസ് ജാമ്യത്തെ എതിർക്കുമെന്ന കാര്യം ഉറപ്പാണ്.

ഇന്ന് പുലർച്ചെയാണ് ബാലയെ ഇടപ്പള്ളിയിലെ ഫ്ളാറ്റിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്തത്. കേസ് റദ്ദാക്കാനായി ഹൈക്കോടതിയെ സമീപിക്കാനും ബാല ശ്രമം നടത്തുന്നുണ്ട്. സാമൂഹിക മാധ്യമങ്ങളിലൂടെ തന്നെയും മകളെയും അപകീർത്തിപ്പെടുത്തിയെന്ന യുവതിയുടെ പരാതിയിൽ കടവന്ത്ര പോലീസാണ് നടനെ അറസ്റ്റു ചെയ്തത്.

## വീണയുടെ യാത്ര, താമസ ചെലവുകൾ വഹിച്ചതും സിഎംആർഎൽ; ഇടപാടുകളുടെ കൂടുതൽ വിവരങ്ങൾ പുറത്ത്

തിരു : മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയന് സിഎംആർഎല്ലുമായി മാസപ്പടിക്ക് പുറമെയും ഇടപാടുകളുണ്ടെന്ന് വിവരം. വീണയുടെ യാത്രയുടെയും താമസത്തിന്റെയും ചെലവുകൾ വഹിച്ചത് സിഎംആർഎൽ ആണെന്നാണ് പുറത്തുവരുന്നത്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വീണാ വിജയനിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥർ തേടി.

വീണയുടെ മൊഴിയെടുത്തതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. മാസപ്പടിക്ക് പുറമേ മറ്റ് പണമിടപാടുകളിലും ഉദ്യോഗസ്ഥർ സംശയം പ്രകടിപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായാണ് സിഎംആർഎല്ലുമായുള്ള മറ്റ് ഇടപാടുകളിലെ വിവരങ്ങളും തേടിയത്. വീണാ വിജയന്റെ കമ്പനിയായ എക്സാലോജിക്കുമായി ബന്ധപ്പെട്ട എസ്എഫ്ഐഒ (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്) വിവരശേഖരണം പൂർത്തിയായി.

കഴിഞ്ഞ ബുധനാഴ്ചയാണ് ചോദ്യം ചെയ്യലിനായി ചെന്നൈയിൽ ഇൻവെസ്റ്റിഗേഷൻ ഓഫീസറായ എസ്എഫ്ഐഒ ഡെപ്യൂട്ടി ഡയറക്ടർ അരുൺ പ്രസാദ് മുമ്പാകെ വീണ ഹാജരായത്. കേസെടുത്ത് 10 മാസത്തിനുശേഷമാണ് നടപടി. ഇതോടെ എഡിജിപി വിവാദത്തിൽ പ്രതിപക്ഷ ആക്രമണം നേരിടുന്ന മുഖ്യമന്ത്രി, കൂടുതൽ പ്രതിരോധത്തിലായി. മൂന്ന് ഉപതിരഞ്ഞെപ്പുകൾ അടുത്തിരിക്കെ, പ്രതിപക്ഷത്തിന് മൂർച്ചയുള്ള ആയുധമായി. നിയമസഭാസമ്മേളനത്തിലും പ്രതിപക്ഷം ഇത് ആയുധമാക്കും.

ചെയ്യാത്ത സേവനത്തിന് സിഎംആർഎല്ലിൽ നിന്ന് വീണയുടെ കമ്പനിയായ എക്സാലോജിക് 1.72 കോടി രൂപ മാസപ്പടി വാങ്ങിയെന്നാണ് കേസ്. സ്വകാര്യ കരിമണൽ കമ്പനിയുമായുള്ള ഇടപാടുകളിൽ എസ്എഫ്ഐഒയുടെ അന്വേഷണം തടയാൻ വീണ നൽകിയ ഹർജി ഹൈക്കോടതി തള്ളിയിരുന്നു.

സിഎംആർഎല്ലിൽ പങ്കാളിത്തമുള്ള സർക്കാർ സ്ഥാപനമായ കെഎസ്ഐഡിസിയുടെ ചീഫ് ഫിനാൻസ് ഓഫിസർ കെ അരവിന്ദാക്ഷന്റെ മൊഴി ഒക്ടോബർ 3ന് എസ്എഫ്ഐഒ രേഖപ്പെടുത്തിയിരുന്നു. ഏതാനും സാമ്പത്തികവർഷങ്ങളിലെ റിപ്പോർട്ടുകൾ അടക്കമുള്ള രേഖകളും അദ്ദേഹം ഹാജരാക്കിയിരുന്നു. ഈ രേഖകളുടെ കൂടി പിൻബലത്തിലാണ് വീണയുടെ മൊഴിയെടുത്തത്.

ജനുവരിയിലാണ് വീണയുടെ കമ്പനിയുടെ ദുരൂഹമായ ഇടപാടുകൾ അന്വേഷിക്കാൻ കേന്ദ്ര കോർപറേറ്റ് മന്ത്രാലയത്തിനു കീഴിലുള്ള എസ്എഫ്ഐഒയെ ചുമതലപ്പെടുത്തിയത്. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇഡിയുടെ അന്വേഷണവും പുരോഗമിക്കുകയാണ്.

## ബാബ സിദ്ദിഖി വധം; പ്രതികൾ വെടിക്കെട്ടും ബഹളവും മുതലാക്കി, പോലീസിന് നേരെ മുളകുപൊടിയെറിഞ്ഞു

മുംബൈ: മഹാരാഷ്ട്ര മുൻ മന്ത്രി ബാബാ സിദ്ദിഖിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പുറത്ത്. സിദ്ദിഖിക്ക് സുരക്ഷയൊരുക്കിയിരുന്ന പോലീസ് കോൺസ്റ്റബളിന് നേരെ ആക്രമികൾ മുളകുപൊടി വിതറിയതിന് ശേഷമാണ് കൊലപാതകം നടത്തിയതെന്നാണ് പുതുതായി പുറത്തുവരുന്ന വിവരം.

മൂന്ന് ഷൂട്ടർമാരും ഇവർക്ക് വിവരം നൽകിയിരുന്ന ഒരാളുമുൾപ്പെടെ നാല് പേരാണ് കൊലപാതക സംഘത്തിലുണ്ടായിരുന്നത്. ഇതിൽ ഗുർമേൽ ബാൽജിത് സിങ്, ധർമരാജ് കശ്യപ് എന്നിവരെ പോലീസ് ഇതിനോടകം അറസ്റ്റ് ചെയ്തിട്ടുണ്ട്. ശിവകുമാർ ഗൗതം എന്നയാളുൾപ്പെടെ രണ്ട് പേർക്ക് വേണ്ടിയുള്ള അന്വേഷണം തുടരുകയാണ്.

ദസറയുടെയും വെടിക്കെട്ടിന്റേയും ബഹളങ്ങളുടെ പശ്ചാത്തലത്തിൽ കശ്യപായിരുന്നു ബാബാ സിദ്ദിഖിയെ വെടിവെക്കേണ്ടിയിരുന്നത്. എന്നാൽ ബഹളവും തിരക്കും കണ്ടതിനെ തുടർന്ന് ശിവകുമാർ ഗൗതം ബാബ സിദ്ദിഖിയെ ആദ്യം വെടിവെക്കാമെന്ന് ഏറ്റെടുക്കുകയായിരുന്നു. മൂന്നുപേരുടെയും കൈയിൽ മുളകുപൊടിയും പെപ്പർ സ്പ്രേയും കരുതിയിരുന്നു. സിദ്ദിഖിക്ക് നേരെ ശിവകുമാർ ആറ് വെടിയുതിർത്തതിന് പിന്നാലെ പോലീസ് കോൺസ്റ്റബളിന് നേരെ മുളകുപൊടി വിതറി മൂവരും രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ രണ്ട് പേർ പിടിയിലായി. ഇവരിൽ നിന്ന് രണ്ട് പിസ്റ്റളുകളും 28 വെടിയുണ്ടകളും കണ്ടെടുത്തു.

ശിവകുമാർ ഗൗതം ആണ് തങ്ങളുടെ സംഘത്തിന്റെ നേതാവെന്ന് പിടിയിലായവർ പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. തങ്ങൾക്ക് ഒന്നുമറിയില്ലെന്നാണ് ചോദ്യം ചെയ്യലിൽ ഇരുവരും ആവർത്തിച്ചത്. കൊലപാതകത്തിന്റെ ക്വട്ടേഷൻ ഏൽപ്പിച്ചത് ആരാണെന്നതടക്കമുള്ള വിവരങ്ങൾ ശിവകുമാറിനാണ് അറിയുകയെന്ന് ഇവർ പോലീസിനോട് പറഞ്ഞു.

ശനിയാഴ്ച രാത്രി ബാന്ദ്രയിലെ മകനും എംഎൽഎയുമായ സീഷാൻ സിദ്ദിഖിയുടെ ഓഫീസിൽ പോയി മടങ്ങുന്നതിനിടെയായിരുന്നു ബാബ സിദ്ദിഖിക്ക് വെടിയേറ്റത്. ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സ്ഥിരീകരിക്കുകയായിരുന്നു. അക്രമികളിലൊരാളായ കശ്യപിന് പ്രായപൂർത്തിയായിട്ടില്ലെന്ന് പ്രതികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചിരുന്നെങ്കിലും ബോൺ ഓസിഫിക്കേഷൻ ടെസ്റ്റിലൂടെ ഈ വാദം തെറ്റാണെന്ന് തെളിഞ്ഞിരുന്നു. കൊലപാതകത്തിന്റെ ഉത്തരവാദിത്തം ലോറൻസ് ബിഷ്ണോയിയുടെ സംഘം ഏറ്റെടുത്തു.

## ഏലൂരിൽ മിനിലോറിയിടിച്ച് ബൈക്ക് യാത്രികർക്ക് ദാരുണാന്ത്യം

കൊച്ചി: എറണാകുളം ഏലൂർ കുറ്റിക്കാട്ടുകരയിൽ ബൈക്കിൽ മിനിലോറിയിടിച്ച് ബൈക്ക് യാത്രക്കാരായ രണ്ട് യുവാക്കൾ മരിച്ചു. ഇടുക്കി സ്വദേശിയായ രാഹുൽ രാജ്(22), കോഴിക്കോട് സ്വദേശി ആദിഷ് (21)എന്നിവരാണ് മരിച്ചത്. കളമശ്ശേരിയിലെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരാണ് ഇരുവരും.

ഞായറാഴ്ച രാത്രി പതിനൊന്ന് മണിയോടെയാണ് അപകടമുണ്ടായത്. ജോലി കഴിഞ്ഞ് കളമശ്ശേരിയിലെ താമസസ്ഥലത്തേക്ക് പോവുകയായിരുന്ന ഇവർ സഞ്ചരിച്ച ബൈക്കിൽ മിനി ലോറിയിടിക്കുകയായിരുന്നു. ലോറിയുടെ അമിതവേഗതയാണ് അപകടത്തിനിടയാക്കിയതെന്നാണ് പ്രാഥമിക വിവരം. ഇരുവരും സംഭവസ്ഥലത്തുവെച്ചുതന്നെ മരണപ്പെട്ടു.

## അധ്യാപക ദമ്പതികളും മക്കളും മരിച്ച നിലയിൽ

### മൃതദേഹം വൈദ്യപഠനത്തിന് നൽകണമെന്ന് കുറിപ്പ്

കൊച്ചി: ചോറ്റാനിക്കരയിൽ നാലംഗ കുടുംബം മരിച്ച നിലയിൽ. പെരുമ്പാവൂർ കണ്ടനാട് സ്കൂൾ അധ്യാപകനായ രഞ്ജിത്തും കുടുംബവുമാണ് മരിച്ചത്. സാമ്പത്തിക പ്രശ്നം മൂലമുള്ള ആത്മഹത്യയാണ് മരണകാരണമെന്നാണ് സൂചന. നാലുപേരുടെയും മൃതദേഹങ്ങൾ മെഡിക്കൽ കോളേജിന് വൈദ്യപരിശോധനയ്ക്ക് കൈമാറണമെന്ന കുറിപ്പും കണ്ടെത്തിയിട്ടുണ്ട്.

രഞ്ജിത്ത്, ഭാര്യ രശ്മി, മക്കളായ ആദി (9), ആദ്യ (7) എന്നിവരാണ് മരിച്ചത്. രശ്മിയും അധ്യാപികയാണ്. ചോറ്റാനിക്കര പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചു. ഇവർക്ക് സാമ്പത്തിക പ്രശ്നങ്ങളുണ്ടായിരുന്നുവെന്നാണ് പുറത്തുവരുന്ന വാർത്തകൾ.

രഞ്ജിത്തിനെയും രശ്മിയെയും തൂങ്ങിയ നിലയിലും മക്കളെ കിടക്കയിൽ മരിച്ച നിലയിലുമാണ് കണ്ടെത്തിയത്. സമീപത്ത് നിന്നാണ് കുറിപ്പ് കണ്ടെത്തിയത്. ഇതിൽ മൃതദേഹങ്ങൾ മെഡിക്കൽ കോളേജിന് കൈമാറണമെന്ന് പറയുന്നുണ്ട്.

## എയർ ഇന്ത്യക്കു പിന്നാലെ ഇൻഡിഗോ വിമാനങ്ങൾക്ക് നേരെയും ബോംബ് ഭീഷണി

ന്യൂഡൽഹി: എയർ ഇന്ത്യ വിമാനത്തിന് ബോംബ് ഭീഷണി ലഭിച്ചതിനു പിന്നാലെ മുംബൈയിൽ നിന്ന് പുറപ്പെടുന്ന രണ്ട് ഇൻഡിഗോ വിമാനങ്ങൾക്ക് നേരെയും ബോംബ് ഭീഷണി. മുംബൈയിൽ നിന്ന് മസ്കറ്റിലേക്ക് പുറപ്പെടാനിരുന്ന 6E 1275, മുംബൈയിൽ നിന്ന് ജിദ്ദയിലേക്ക് പോകേണ്ടിയിരുന്ന 6ഇ 56 എന്നീ വിമാനങ്ങൾക്കു നേരെയാണ് ഭീഷണി. ഭീഷണിക്കു പിന്നാലെ സുരക്ഷാ പരിശോധനയ്ക്കായി വിമാനങ്ങൾ മാറ്റിയിട്ടിരിക്കുകയാണ്.

മുംബൈയിൽ നിന്ന് ന്യൂയോർക്കിലേക്ക് പോവുകയായിരുന്ന എയർ ഇന്ത്യ വിമാനത്തിനാണ് നേരത്തെ ബോംബ് ഭീഷണി ലഭിച്ചത്. തുടർന്ന് രാത്രി രണ്ടു മണിയോടെ വിമാനത്താവളത്തിൽ നിന്ന് പുറപ്പെട്ട അക 119 വിമാനം ഡൽഹിയിൽ ലാൻഡ് ചെയ്യുകയായിരുന്നു.

പത്തു ദിവസം മുമ്പ് ഗുജറാത്തിലെ വഡോദര, രാജ്കോട്ട് എയർപോർട്ടുകൾക്ക് നേരെയും ബോംബ് ഭീഷണിയുണ്ടായിരുന്നു.

## മദ്യലഹരിയിൽ കാറോടിച്ച് അപകടമുണ്ടാക്കിയ നടൻ ബൈജു സന്തോഷ് അറസ്റ്റിൽ

തിരു: മദ്യലഹരിയിൽ വാഹനമോടിച്ച് അപകടമുണ്ടാക്കിയ നടൻ ബൈജു സന്തോഷിനെ പോലീസ് അറസ്റ്റ് ചെയ്തു. മ്യൂസിയം പോലീസ് കസ്റ്റഡിയിലെടുത്ത് അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. കാർ കസ്റ്റഡിയിലെടുത്തു. ഇന്നലെ അർധരാത്രി തിരുവനന്തപുരം വെള്ളയമ്പലത്തുവച്ചാണ് ബൈജു ഓടിച്ച കാർ, സ്കൂട്ടറിലും വൈദ്യുത പോസ്റ്റിലുമിടിച്ച് അപകടമുണ്ടാക്കിയത്.

നിയന്ത്രണം വിട്ട കാർ സ്കൂട്ടറിൽ ഇടിച്ചതിന് ശേഷം വീണ്ടും വേഗത്തിൽ മുന്നോട്ടു പോയി പോസ്റ്റിൽ ഇടിക്കുകയായിരുന്നു. അപകടത്തിൽ ബൈജുവിന്റെ കാറിന്റെ ടയറിന് കേടുപാട് പറ്റി. കൺട്രോൾ റൂമിലെ പോലീസുകാരാണ് ബൈജുവിനെ മ്യൂസിയം പോലീസ് സ്റ്റേഷനിലെത്തിച്ചത്. മദ്യപിച്ചോ എന്ന് പരിശോധിക്കാനായി ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും പരിശോധനയോട് ബൈജു സഹകരിച്ചില്ലെന്ന് പോലീസ് പറയുന്നു

### നടിയിൽ നിന്ന് പണം തട്ടാൻ ശ്രമം

മുംബൈ: വെർചൽ അറസ്റ്റെന്ന് തെറ്റിദ്ധരിപ്പിച്ച് നടി മാലാ പാർവതിയിൽ നിന്ന് പണം തട്ടാൻ ശ്രമം. മുംബൈ പോലീസ് എന്ന വ്യാജേന വന്ന ഫോൺ കോളിലൂടെ ഒരു മണിക്കൂറോളം വെർചൽ അറസ്റ്റിലാക്കി. കൊറിയർ വിട്ടു നൽകാൻ പണം നൽകണമെന്നായിരുന്നു ആവശ്യമെന്നും മാലാ പാർവ്വതി. തട്ടിപ്പാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ട് പണം നഷ്ടമായില്ലെന്നും നടി.

## കോടതി പരസ്യം

### ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ സബ്കോടതി മുമ്പാകെ

OS: 58/2023

കനറ ബാങ്ക്, പൂങ്കുന്നം ശാഖ, തൃശൂർ

-അന്യായം

അജീഷ് കെ പി, S/o. പുരുഷോത്തമൻ, കാരമൽ ഹൗസ്, എറവ് കരുവാൻ വളവ്, അരിമ്പൂർ, തൃശൂർ-680670

- പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസ് അന്യായത്തിലെ വിലാസത്തിൽ സ്ഥലത്തും കോടതി നോട്ടീസ് ബോർഡിലും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് 24-10-2024 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അന്യായ സംഗതി തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 08-10-2024
അന്യായഭാഗം അഡ്വക്കേറ്റ്
കെ പി ബിജു (ഒപ്പ്)

## കോടതി പരസ്യം

### ബഹു. തൃശൂർ മുൻസിഫ് കോർട്ട് മുമ്പാകെ

OS: 1971/2018

വിജയരാഘവൻ S/o. നാരായണൻ, ചക്കിത്തറ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ താലൂക്ക്

-അന്യായം

മുഹമ്മദ്, House No. 8/258, ചക്കിത്തറ ഹൗസ്, അന്തിക്കാട് ഗ്രാമപഞ്ചായത്ത്, പി ഒ പുത്തൻപീടിക, തൃശൂർ ജില്ല

-6-ാം പ്രതി

മേൽ നമ്പർ കേസിലെ 6-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് 01-11-2024 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. മേൽ നമ്പർ കേസ് കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് അന്നേദിവസം പകൽ 11 മണിക്ക് ബഹു. തൃശൂർ ഫസ്റ്റ് അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 05-10-2024
അന്യായഭാഗം അഡ്വക്കേറ്റ്
പി വി ഹരിദാസൻ (ഒപ്പ്)

## വിവാഹിതരായി

(13-10-2024)

BILNA BAIJU
D/o. Mrs Sherly Baiju &
Mr. Baiju Kuriakose,
Panjikaran House,
P.O. Paduvapuram, Attara,
Edakkunnu, Angamaly

JIXON GEORGE
S/o. Mrs Soffy George &
Mr. George T.R.
Kombara Thazhath House,
P.O. Pudukkad - 680301,
Thrissur

പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ വിവാഹിതരായി വിവാഹത്തിലും സൽക്കാരത്തിലും പങ്കെടുത്ത എല്ലാവർക്കും നന്ദി.

Sharing the Happiness:
Jiffy, Leo, Aeric & Ansa

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് കൊക്കാല മാസ്റ്റേർസ് അസോസിയേഷൻ കൂട്ടായ്മ

തൃശൂർ : തൃശൂർ കെ.എസ്.ആർ.ടി.സി. നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കി സാധാരണക്കാരായ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് കൊക്കാല മാസ്റ്റേർസ് അസോസിയേഷൻ (കെ.എം എ) സാംസ്കാരിക കൂട്ടായ്മ ആവശ്യപ്പെട്ടു. 40 വർഷങ്ങൾക്ക് ശേഷം തൃശൂർ ജില്ലയിലെ മികച്ച ടാജ് ക്ലബ്ബിലെ കായിക താരങ്ങളും, ടാഗോർ ആർട്സ് ക്ലബ്ബിലെ സാംസ്കാരിക പ്രവർത്തകരും ഒരുമിച്ച് കൊക്കാലെ ഹിദായത്തുൽ ഇസ്ലാം സ്ക്കൂളിൽ ഒത്തുചേർന്നാണ് സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിച്ചത്. ചടങ്ങിൽ അബ്ദുൾ റഹ്മാൻ അദ്ധ്യക്ഷതവഹിച്ചു. ടി.എ. അബൂബക്കർ ഉദ്ഘാടനം ചെയ്തു. 40വർഷങ്ങൾക്ക് മുൻപ് തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്കും, മറ്റു നാടുകളിലേക്കുമായ് വേർപിരിഞ്ഞവർ ഒത്തുചേർന്നപ്പോൾ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി കൊക്കാലെ മാസ്റ്റേഴ്സ് അസോസിയേഷൻ എന്ന പുതിയ സംഘടനക്ക് രൂപം നൽകി.

45 വർഷത്തിന് മുൻപ് പുങ്കുന്നം ശിവക്ഷേത്ര മൈതാനിയിൽ നടന്ന ജ്ഞാനോദയം എവർ റോളിംഗ് ട്രോഫി തുടർച്ചയായി 3 വർഷം സ്വന്തമാക്കിയ അന്നത്തെ ജില്ലയിലെ മികച്ച ഫുട്ബോൾ ക്ലബ്ബായിരുന്നു ടാജ് ക്ലബ്ബ്.മൂന്നാം വർഷം ഫൈനലിന് ആനയും,ബേന്റ് വാദ്യവും, പടക്ക വണ്ടിയും, റെയിൽവേയിലെ മുഴുവൻ ടാക്സി വണ്ടികളുടെയും അകമ്പടിയോടെയാണ് ട്രോഫി കൊക്കാലെ ടാജ് ക്ലബ്ബിലെത്തിച്ചതെന്ന് മുൻ സെക്രട്ടറി കെ.എം. അഷറഫ് ഓർമപ്പെടുത്തി. ജയിക്കുമെന്ന് ഉറപ്പിച്ച് മുൻകൂട്ടി ഇതെല്ലാം ഏൽപിക്കുന്നത് നിശ്ചയ ദാർഢ്യത്തിന്റെ തെളിവാണെന്ന് അദ്ദേഹം കൂട്ടി ചേർത്തു.

മുഹമ്മദ് സലീം ക്യാപ്റ്റനായും ബാബു മഞ്ഞില , പട്യാല , ഭാസി, പറമ്പൻ തോമസ്, ജോയ് അയ്യന്തോൾ, പോർട്ട് ട്രസ്റ്റ് വിജയകുമാർ, വില്യംസ്, മാണി, സുറായ് ജോയ്, വിൽസൻ തുടങ്ങിയവരാണ് അന്ന് കളികളത്തിലെ പ്രബലർ. അന്നത്തെ താരങ്ങളിൽ സലീമും, കുഞ്ഞി മുഹമ്മദും ഹബീബും യോഗത്തിനെത്തിയിരുന്നു. റിജ്യയണൽ തിയേറ്ററിലും അടക്കചന്ത മൈതാനിയിലും സ്ഥിരമായി നാടകം കളിച്ചിരുന്ന ടാഗോർ ആർട്ട്സ് ക്ലബ്ബിന്റെ സാരഥികളായിരുന്ന അബ്ദുൾഖയ്യും, അബ്ദുറഹ്മാൻ, ബഷീർ എന്നിവരും കൂട്ടായ്മയിൽ പങ്കുചേർന്നു.

വിദ്യാഭ്യാസം, ആർട്ട്സ്, സ്പോർട്ട്സ്, സാഹിത്യം, സാംസ്കാരിക പരിപാടികൾക്ക് നേതൃത്വം നൽകാനാണ് അസോസിയേഷന് രൂപം നൽകിയത്. പുതുതലമുറയിലെ അംഗങ്ങളുൾപ്പടെ അറുപതോളം പേർ യോഗത്തിൽ സംബന്ധിച്ചു.

നാടകരചയിതാവും സംവിധായകനുമായിരുന്ന കെ.എം. മൊയ്തീൻ കോയയെ ചെയർമാനായി തിരെഞ്ഞെടുത്തു. വൈസ് ചെയർമാൻമാരായി ടി.എ. അബൂബക്കർ, അബ്ദുൾ ഖയ്യും, നന്ദകുമാർ ജനറൽകെട്ടറിയായി ഫുട്ബോൾ കോച്ച് മുഹമ്മദ് സലീം, ജോ. സെക്രട്ടറിമാരായി വി.കെ. അബ്ദുൾ സലാം, കെ.എം.അബ്ദുൾ ജലീൽ, ട്രഷററായി സി.പി. മുഹമ്മദ് ഹനീഫ്, നിയമ ഉപദേശകനായി അഡ്വ എ.വൈ. ഖാലീദ് മീഡിയ ഉപദേശകനായി എം.എം.എ റസാക്ക് പ്രോഗ്രാം കോർഡിനേറ്ററായി അഷറഫ് മരക്കാറിനേയും , പ്രവർത്തക സമിതി അംഗങ്ങളായി എം. ആർ.രാജീവ്, പി. കെ. അബ്ദുൾറഹ്മാൻ, ടി.എൽ സണ്ണി, പി.കെ. ഇബ്രാഹി, ഇ. എ. ബഷീർ അലി , വി.കെ.സുരേഷ് കുമാർ, പി.എ.അബ്ദുൾ മജീദ്, എം.ജെ.ഷഫീക്, പി.കെ.നയ് മുദ്ദീൻ, എന്നിവരെ തിരഞ്ഞെടുത്തു. കെ.എം.ജലീൽ സ്വാഗതവും പി.കെ. ഇബ്രാഹിം നന്ദിയും പറഞ്ഞു.

## വാർഡ് പ്രവർത്തക യോഗം നടന്നു

ഇരിങ്ങാലക്കുട : ഇന്ത്യൻ നാഷണൽ കോൺഗ്രസ് നഗരസഭ 29-ാം വാർഡ് കമ്മറ്റി പ്രവർത്തകയോഗം പ്രവീൺസ് ഞാറ്റു വെട്ടിയുടെ വസതിയിൽ കെ.പി.സി.സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. വാർഡ് പ്രസിഡണ്ട് പ്രവീൺസ് ഞാറ്റുവെട്ടി അധ്യക്ഷത വഹിച്ചു. ഡി.സി. സി. ജനറൽ സെക്രട്ടറി അഡ്വ . സതീഷ് വിമലൻ, മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുർ ഹഖ്, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് ജോമോൻ മണത്ത്, മുൻ ബ്ലോക്ക് പ്രസിഡണ്ട് ടി.വി. ചാർളി, മണ്ഡലം സെക്രട്ടറി എ. സി. സുരേഷ്, ബൂത്ത് പ്രസിഡണ്ട് മഹേഷ് കുമാർ എന്നിവർ പ്രസംഗിച്ചു. പ്രവീൺസ് ഞാറ്റു വെട്ടിയെ വാർഡ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

## കെ വി ചന്ദ്രൻ അനുസ്മരണം ഹൃദയസ്പർശിയായി

ഇരിങ്ങാലക്കുട : നാടിന്റെ ഓരോതുടിപ്പിലും കയ്യൊപ്പ് പതിച്ചിട്ടുള്ള ചന്ദ്രേട്ടൻ എന്നേവരും വിളിക്കുന്ന, ഡോക്ടർ കെ എൻ പിഷാരടി സ്മാരക കഥകളി ക്ലബ്ബ് സെക്രട്ടറിയായിരുന്ന കെ വി ചന്ദ്രന്റെ ദേഹവിയോഗത്തിന്റെ രണ്ടാവർഷത്തിൽ അമ്മന്നൂർ ഗുരുകുലത്തിൽ കഥകളിക്ലബ്ബ് ഒരുക്കിയ അനുസ്മരണം ഏറേ ഹൃദയസ്പർശിയായി. കൂടിയാട്ടാചാര്യൻ വേണുജി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാമൂഹ്യനീതി വകുപ്പ് മന്ത്രിയും 'സുവർണ്ണം' സംഘാടകസമിതി ചെയർപേഴ്സണുമായ ഡോക്ടർ ആർ ബിന്ദു ഉദ്ഘാടനവും ഡോക്യുമെന്ററിയുടെ യൂട്യൂബ് റിലീസും നടത്തി. കഥകളി ആചാര്യൻ ഡോക്ടർ സദനം കൃഷ്ണൻകുട്ടി അനുസ്മരണം നടത്തി. തുടർന്ന് കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വക്കേറ്റ് സി കെ ഗോപി, ഉണ്ണായിവാരിയർ സ്മാരക കലാനിലയം വൈസ് പ്രസിഡണ്ട് കെ കെ കൃഷ്ണൻ നമ്പൂതിരി, ഐ ടി യു ബാങ്ക് ചെയർമാൻ എം പി ജാക്സൺ, നാദോപാസന പ്രസിഡണ്ട് സോണിയഗിരി, വാര്യർ സമാജം സംസ്ഥാനസെക്രട്ടറി എ സി സുരേഷ് എന്നിവർ സംസാരിച്ചു. കുടുംബാംഗങ്ങൾ ഛായാചിത്രത്തിനുമുമ്പിൽ ഭദ്രദീപം തെളിയിച്ച് പുഷ്പാർച്ചന നടത്തിയ അനുസ്മരണയോഗത്തിൽ ക്ലബ്ബിന്റെ അമ്പതാണ്ട് പ്രവർത്തനങ്ങൾക്കുപിന്നിൽ ഊടുംപാവുമായി പ്രവർത്തിച്ച ചന്ദ്രേട്ടനെ എന്നും ഞങ്ങൾ ഹൃദയത്തോട് ചേർത്തുനിർത്തുന്നു എന്ന് സ്വാഗതപ്രസംഗത്തിൽ ക്ലബ്ബ് വൈസ് പ്രസിഡണ്ട് അഡ്വക്കേറ്റ് രാജേഷ് തമ്പാൻ സൂചിപ്പിച്ചു. വിനോദ് സി കൃഷ്ണൻ നന്ദി പറഞ്ഞു. തുടർന്ന്, ഡോക്ടർ കെ പ്രദീപ്കുമാർ നിർമിച്ച, സി വിനോദ് കൃഷ്ണൻ ആശയവും ആവിഷ്കാരവും നടത്തിയ, അനിയൻ മംഗലശ്ശേരി രചിച്ച കെ വി ചന്ദ്രനെക്കുറിച്ചുള്ള ഡോക്യുമെന്ററി 'പൂർണ്ണചന്ദ്രം' പ്രദർശിപ്പിച്ചു. ശേഷം അരങ്ങേറിയ ബാണയുദ്ധം കഥകളിയിൽ കോട്ടയ്ക്കൽ പ്രദീപ് ചിത്രലേഖയായും കലാമണ്ഡലം പ്രവീൺ ഉഷയായും വേഷമിട്ടു. കലാമണ്ഡലം വിശ്വാസ്,

കലാമണ്ഡലം വിനീഷ് എന്നിവർ സംഗീതവും, ആർ എൽവി സുദേവ് വർമ്മ മദ്ദളത്തിലും ജയൻ ചേന്നാസ് ഇടയ്ക്കയിലും അകമ്പടിയേകി. രംഗഭൂഷ, ഇരിങ്ങാലക്കുട ചമയമൊരുക്കി.

## പുരസ്ക്കാരങ്ങൾ നൽകുന്നു

ഇരിങ്ങാലക്കുട: പുല്ലൂർ ചമയം നാടകവേദിയും പുല്ലൂർ വാദ്യകലാകേന്ദ്രവും സംയുക്തമായി നൽകുന്ന പുരസ്ക്കാരങ്ങൾ വെളപ്പായ നന്ദൻ, ബി ഷോയ് അനിയൻ, തൃക്കൂർ സജി, രാജീവ് സപര്യ, മാരുതീ പുരം വിജീഷ്, പെരുമ്പളം ശരത്ത് എന്നിവർക്ക് നൽകുന്നതാണെന്ന് ഫൊഫ സാവിത്രി ലക്ഷ്മണൻ, ബാലൻ അമ്പാടത്ത്, എ.എൻ. രാജൻ,വേണു എളന്തോളി, ബിജു ചന്ദ്രൻ, എ.ഐ. രവീന്ദ്രൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

## വിജയദശമി: വിദ്യാരംഭം

അവിട്ടത്തൂർ: മഹാദേവ ക്ഷേത്രത്തിലെ ഇക്കാല്ലത്തെ വിദ്യാരംഭത്തിന് നൂറുകണക്കിന് കുട്ടികൾ അക്ഷര പുണ്യം തേടി എത്തുകയുണ്ടായി.കുട്ടികളെപ്പോലെ വലിയവർക്കും എഴുതാനുള്ള സൗകര്യം ദേവസ്വം ഒരുക്കിയിരുന്നു.

എഴുത്തിനിരുത്തൽ ചടങ്ങുകൾക്ക് കുറിയേടത്ത് രുദ്രൻ നമ്പൂതിരി, ഡോ. മുരളി ഹരിതം എന്നിവർ നേതൃത്വം നല്കി. നവരാത്രി ദിനങ്ങളിൽ ശ്രീകോവിലിൽ പൂജിച്ച സാരസ്വതം നെയ്യ് എല്ലാവർക്കും വിതരണം ചെയ്യുകയുണ്ടായി.

# ഹരിശ്രീ വിദ്യാലയത്തിലെ മാതൃപൂജ

ഇരിങ്ങാലക്കുട: ഹരിശ്രീ വിദ്യാലയത്തിലെ മാതൃപൂജ ചടങ്ങ് വിവേകാനന്ദ എഡ്യുക്കേഷണൽ ആൻഡ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് കൊടകര സെക്രട്ടറി ടിസി സേതുമാധവന്റെ അദ്ധ്യക്ഷതയിൽ പുത്തൻചിറ എൻഎസ്എസ് ഓഡിറ്റോറിയത്തിൽ നടന്നു. മുഖ്യ കാർമ്മികത്വം വഹിച്ചത് ഭാരതീയ വിദ്യാനികേതൻ സ്റ്റേറ്റ് സെക്രട്ടറി ശ്രീകാന്ത് ഗുരുപദം ആയിരുന്നു. ചടങ്ങിൽ പുത്തൻചിറ സ്വദേശിയും ശ്രീനാരായണ ഗുരുവിന്റെ വെങ്കല പ്രതിമ നിർമ്മാതാവുമായ ബെന്നി പണിക്കരെ ആദരിക്കുകയും ചെയ്തു. സ്കൂൾ ഡയറക്ടർ ഇൻചാർജ് എം കൃഷ്ണകുമാർ, സ്കൂൾ മാനേജർ സതീഷ് ശങ്കർ, പ്രിൻസിപ്പൽ രമ്യ രാജേന്ദ്രൻ, വിദ്യാലയ സമിതി സെക്രട്ടറി കെ.വി രാമചന്ദ്രൻ, എക്സിക്യൂട്ടീവ് മെമ്പർ അഭിലാഷ് ഉണ്ണികൃഷ്ണൻ, രാഷ്ട്രീയ സ്വയംസേവക സംഘം ഉത്തര കേരള പ്രാന്ത കാര്യവാഹക് പി എൻ ഈശ്വരൻ, മാതൃഭാരതി വെൽഫെയർ പ്രസിഡൻറ് പ്രജിത പ്രഷീത എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

## മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് തൃശ്ശൂരിൽ യു.ഡി.വൈ.എഫ് പ്രതിഷേധ ജ്വാല

തൃശ്ശൂർ: ക്രിമിനൽ പോലീസിന് സംരക്ഷണം ഒരുക്കി, സംഘ്പരിവാറിന് ഒത്താശ ചെയ്യുന്ന മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടും യു.ഡി.വൈ.എഫ് നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ചും യു ഡി വൈ എഫ് ജില്ല സമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷന് മുന്നിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.

നിയമസഭ മാർച്ചിന് നേതൃത്വം നൽകിയ യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിൽ, യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പികെ ഫിറോസ് ഉൾപ്പെടെയുള്ള യു ഡി വൈ എഫ് നേതാക്കളെ അന്യായമായി കേസെടുത്ത് ജയിലിടച്ചിരിക്കയാണ്.ഇതിനെതിരെ സംസ്ഥാന വ്യാപകമായി പ്രതിഷേധം നടക്കുകയാണ്.

തൃശ്ശൂരിൽ പ്രതിഷേധ ജ്വാല, കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ വി കണ്ണൻ ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഹരീഷ് മോഹൻ അധ്യക്ഷത വഹിച്ചു.

മുസ്ലിം യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് എ എം സനൗഫൽ, ജനറൽ സെക്രട്ടറി നൗഷാദ് തെരുവത്ത്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. സി പ്രമോദ്, സെക്രട്ടറി സുഷിൽ ഗോപാൽ, കെ എസ് വൈ എഫ് ജില്ലാ സെക്രട്ടറി എം എസ് സജിത്ത്, ആർ വൈ എഫ് ജില്ലാ സെക്രട്ടറി ആസാദ് കാൾമീരി, ഓൾ ഇന്ത്യ യൂത്ത് ലീഗ് (ഫോർവേഡ് ബ്ലോക്ക്) സംസ്ഥാന ട്രഷറർ ആൽവിൻ പ്രസംഗിച്ചു. എ വി അലി, അസീസ് മന്ദലംകുന്ന്, പിജെ ജെഫീക്ക്, ജോബി ജോൺ, പ്രീറ്റ് മുരിയാടൻ, അഡ്വ പികെ ശ്യാം കുമാർ, ആർ വി കബീർ ഫൈസി, വി എം മുഹമ്മദ് സമാൻ, ആർ എച്ച് ഹാഷിം എന്നിവർ നേതൃത്വം നൽകി.

ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവനപദ്ധതി സംസ്ഥാന അനുപതി പത്ര വിതരണം ഉദ്ഘാടനം അയ്യന്തോൾ കോസ്റ്റ് ഫോർഡിൽ വെച്ച് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി അഡ്വക്കേറ്റ് കെ രാജൻ ഉദ്ഘാടനം ചെയ്യുന്നു.കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി. വി. കുര്യാക്കോസ്,ഡെപ്യൂട്ടി മേയർ എം എൽ റോസി, കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷ സാറാമ്മ റോബ്സൺ ഗീതാഗോപി എക്സ് എംഎൽഎ, ഭവന നിർമ്മാണ ബോർഡ് ചെയർമാൻ ടി . വി.ബാലൻ ആർ ജെ ഡി ജില്ലാ പ്രസിഡണ്ട് ജയ്സൺ മാണി, എന്നിവർ സമീപം.


### കോടതി പരസ്യം

**ബഹു. തൃശൂർ**
**MACT മുമ്പാകെ**

OP(MV): 1631/2022

K.K Jothi Bas
-Petitioner

Sajith C.R., S/o. Rajan, Chalippatt House, Vadanappilly, Thrithallur West P.O, Thrssur
-Respondents No. 2

മേൽ നമ്പർ കേസ് 2-ാം എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **29-05-2025** തിയ്യതി യിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-10-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**പി കെ ജോൺ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ**
**MACT മുമ്പാകെ**

OP(MV): 1558/2023

Kishore Kumar K.K.
-Petitioner

Favas, S/o. Haneefa, Vellatheri House, Veliyankode, Eramangalam, Malappuram
-Respondents No. 1

മേൽ നമ്പർ കേസ് 1-ാം എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **27-05-2025** തിയ്യതി യിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-10-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**പി കെ ജോൺ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ**
**MACT മുമ്പാകെ**

OP(MV): 2735/2018

Pradeep
-Petitioner

Sudheesh, S/o. Manikandan Achari, Kannankara House, Muthukulam, Kayamkulam, Alappuzha
-Respondents No. 1

മേൽ നമ്പർ കേസ് 1-ാം എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **15-11-2024** തിയ്യതി യിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-10-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**പി കെ ജോൺ** (ഒപ്പ്)


# ലുലുവിൽ അക്ഷരമധുരം നുകർന്ന് കുരുന്നുകൾ; ആദ്യാക്ഷരം കുറിച്ച് ആദിവാസി ഊരുകളിലെ കുട്ടികളും

കൊച്ചി : 'ലുലു വിദ്യാരംഭ'ത്തിലൂടെ അക്ഷരവെളിച്ചത്തിലേക്ക് ആദ്യാക്ഷരം കുറിച്ച് കുരുന്നുകൾ. മലയാളത്തിൻറെ തനിമയും നാടിൻറെ നന്മയും വിളിച്ചോതി വിപുലമായ രീതിയിലായിരുന്നു ലുലുവിലെ വിദ്യാരംഭ ചടങ്ങുകൾ. സാമൂഹ്യസാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യത്തിൽ രാവിലെ 9 മണിക്ക് വിദ്യാരംഭം ലുലു മെയിൽ ഏട്രിയത്തിൽ തുടങ്ങി. നാരായണൻ ഭദ്രദീപം കൊളുത്തി വിദ്യാരംഭചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. രജിസ്ട്രേഷനിലൂടെ എത്തിയ കുട്ടികൾക്കൊപ്പം ആദിവാസി ഊരുകളിലെ നൂറിലേറെ കുട്ടികളും ലുലു വിദ്യാരംഭത്തിലൂടെ അക്ഷരവഴിയിലേക്ക് ചുവടുവച്ചു.

*കൊച്ചി ലുലു മാളിലെ വിദ്യാരംഭ ചടങ്ങുകൾ ശ്രീമാൻ നാരായണൻ ഭദ്രദീപം കൊളുത്തി വിദ്യാരംഭചടങ്ങുകൾ ഉദ്ഘാടനം ചെയ്യുന്നു. ഗായകൻ സുധീപ് കുമാർ, നടൻ ശ്രീകാന്ത് മുരളി, തിരകഥാകൃത്ത് അഭിലാഷ് പിള്ള, നൃത്തകി കലാമണ്ഡലം സോഫിയ, നടി കൃഷ്ണ പ്രഭ, രാജൻ എൻ നമ്പൂതിരി സാദിഖ് കാസിം, എൻ. ബി.സ്വരാജ്, വിഷ്ണു നാഥ്, കെ.ബി ഷൈൻകുമാർ, ജോർജ് സാജു, സിബി ഫ്രാൻസിസ് എന്നിവർ സമീപം.*

അടിമാലി ആദിവാസി റേഞ്ചിലെ പിണവൂർകുടി, കുന്നശ്ശേരി, വെള്ളാരംകുത്ത്, കൊരത്തിക്കുടി, ചൂരൻകണ്ടൻക്കുടി, വാളറക്കുടി ഊരുകളിൽ നിന്നുള്ള കുട്ടികളാണ് ലുലുവിൽ വിദ്യാരംഭത്തിൽ പങ്കെടുത്ത് ആദ്യാക്ഷരം കുറിച്ചത്. അക്ഷരമധുരം നുകർന്ന ശേഷം ലുലുമാൾ കണ്ട് ആസ്വദിച്ച് ഇവർക്കായി പ്രത്യേകം ഒരുതിയിരുന്ന ഭക്ഷണവും കഴിച്ചാണ് ആദിവാസി ഊരുകളിലെ കുട്ടികളും മാതാപിതാക്കളും മടങ്ങിയത്. ലുലു ഫൺടൂറയിലെ ഗെയിമിങ് സോണുകൾ കുട്ടികൾക്ക് നവ്യാനുഭവമാണ് സമ്മാനിച്ചത്. പനംകുളം ഫോറസ്റ്റ് റേഞ്ചിലെ ഉദ്യോഗസ്ഥരും ഇവർക്കൊപ്പമുണ്ടായിരുന്നു. പ്രഗത്ഭരായ ഗുരുക്കൻമാർ നേതൃത്വം നൽകിയ ലുലുവിലെ വിദ്യാരംഭത്തിൽ പങ്കെടുക്കാൻ അവസരം നൽകിയതിനും, മികച്ച സ്വീകരണത്തിനും ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിക്ക് ആദിവാസി ഊരുകളിലെ കുട്ടികളുടെ മാതാപിതാക്കൾ നന്ദി പറഞ്ഞു.

ഗാന്ധിയൻ നാരായണൻ, ഗായകൻ സുധീപ് കുമാർ, നടൻ ശ്രീകാന്ത് മുരളി, എഴുത്തുകാരനും സംവിധായകനുമായ അഭിലാഷ് പിള്ള, നൃത്തകിയും നടിയുമായ കലാമണ്ഡലം സോഫിയ, നടിയും നൃത്തകിയുമായ കൃഷ്ണ പ്രഭ എന്നിവരാണ് കുരുന്നുകൾക്ക് അക്ഷരമധുരം പകർന്നത്.

വിദ്യാരംഭ ചടങ്ങിൽ ആദ്യാക്ഷരം കുറിച്ച കുട്ടികൾക്ക് പ്രത്യേകം സമ്മാനങ്ങളും നൽകി. ഇടുക്കി എറണാകുളം, ആലപ്പുഴ ജില്ലകൾ ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക് (318ഇ) ന്റെ സഹകരണത്തോടെയായിരുന്നു വിദ്യാരംഭചടങ്ങുകൾ. ലയൺസ് ക്ലബ്ബ് ഡിസ്ട്രിക് ഗവർണർ രാജൻ എൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു.

ലുലു റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ലുലു മീഡിയ കോ-ഓർഡിനേറ്റർ എൻ. ബി.സ്വരാജ്, മാൾ ജനറൽ മാനേജർ വിഷ്ണു നാഥ്, ലയൺസ് ക്ലബ്ബ് ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണർ കെ.ബി ഷൈൻകുമാർ, കാബിനറ്റ് സെക്രട്ടറി ജോർജ് സാജു, കാബിനറ്റ് ട്രഷറർ സിബി ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി സജിത്ത് കുമാർ എന്നിവർ പ്രസംഗിച്ചു. സാമൂഹിക സാംസ്കാരിക മേഖലയിലെ നിരവധി പ്രമുഖരും ചടങ്ങിൽ സാന്നിദ്ധ്യമേകി. കോതമംഗലം ഐഎംഎ, ഇടമലയാർ ട്രൈബൽ സെറ്റൽമെൻറ് ജീവനക്കാരും ചടങ്ങിൽ ഭാഗമായി.

## ഡൈസൺ വെറ്റ് ഫ്ളോർ ക്ലീനർ ഇന്ത്യയിൽ പുറത്തിറക്കി

കൊച്ചി, ഒക്ടോബർ 2024: തങ്ങളുടെ ആദ്യത്തെ സമർപ്പിത കോർഡ്-ഫ്രീ വെറ്റ് ഫ്ലോർ ക്ലീനറായ ഡൈസൺ വാഷ് ജി1 പുറത്തിറക്കുന്നതായി ഡൈസൺ പ്രഖ്യാപിച്ചു. ശുചിത്വമുള്ള വൃത്തിയാക്കലിനും പരിപാലനത്തിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഡൈസൺ വാഷ് ജി1 വെറ്റ് ഫ്ലോർ ക്ലീനർ പാദങ്ങൾക്ക് വൃത്തിയുടെ അനുഭവം നൽകാനായി നനഞ്ഞതും ഉണങ്ങിയതുമായ അവശിഷ്ടങ്ങൾ ഒറ്റയടിക്ക് നീക്കം ചെയ്യുന്നു. ഡൈസൺ വാഷ് ജി1 വെറ്റ് ഫ്ലോർ ക്ലീനർ ഇന്ത്യയിൽ ഉടനീളം ഡൈസൺ. ഇൻ, ഡൈസൺ ഡെമോ സ്റ്റോറുകളിൽ 64,900 രൂപയ്ക്ക് ലഭ്യമാണ്

## തല അറ്റ നിലയിൽ മണലിപ്പുഴയിൽ മൃതദേഹം കണ്ടെത്തി

ആമ്പല്ലൂർ: മണലി പുഴയിൽ നെന്മണിക്കര ഭാഗത്ത് തല അറ്റ നിലയിൽ മൃതദേഹം കണ്ടെത്തി. പുതുക്കാട് പോലീസും ഫയർ ഫോഴ്സും സ്ഥലത്തെത്തി മൃതദേഹം കരക്കെത്തിച്ചു. ഒഴുകി വന്ന മൃതദേഹം മരച്ചില്ലയിൽ തടഞ്ഞ നിലയിലാണ് കാണപ്പെട്ടത്. പാന്റ്സും ബനിയനുമാണ് വേഷം. 45 വയസ് പ്രായം തോന്നിക്കും. മൃതദേഹം തിരിച്ചറിഞ്ഞിട്ടില്ല.

മേൽ നടപടി സ്വീകരിച്ച് തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി.

## ദേശീയപാത നിർമാണത്തിനെടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരന് ദാരുണാന്ത്യം

തൃശ്ശൂർ : കൊടുങ്ങല്ലൂരിൽ ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി കുഴിച്ച കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരൻ മരിച്ചു. അഴീക്കോട് ചുങ്കം പാലത്തിന് സമീപം താമസിക്കുന്ന നിഖിൽ ആന്റണി (24) ആണ് മരിച്ചത്. ചന്തപ്പുര-കോട്ടപ്പുറം ബൈപ്പാസിൽ ഗൗരിശങ്കർ ജംക്ഷന് സമീപം ഇന്നലെ രാത്രിയാണ് അപകടം നടന്നത്. നിർമാണം നടക്കുന്നത് അറിയാതെ ബൈക്ക് യാത്രികൻ കുഴിയിൽ വീഴുകയായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. റോഡ് നിർമാണ തൊഴിലാളികളാണ് അപകടം ആദ്യം അറിഞ്ഞത്. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. പിതാവ്: ജോർജ് കുരിശിങ്കൽ, അമ്മ:ഡാലി, സഹോദരി:നീന ജോർജ്

## തൂങ്ങിമരണം

പുതുക്കാട്: തൊട്ടിപ്പാൾ സ്വദേശി മോനോട്ട് വീട്ടിൽ ബാലകൃഷ്ണൻ ഭാര്യ തങ്ക (80) തൂങ്ങിമരിച്ചു.

ആമ്പല്ലൂർ: വരന്തരപ്പിള്ളി സ്വദേശി പറമ്പൻവീട്ടിൽ പത്മനാഭൻ മകൻ നിശാന്ത് (35) തൂങ്ങിമരിച്ചു.

## സൈബർ ബോധവൽക്കരണ നാടകം 'തീക്കളി'

തൃശ്ശൂർ: തൃശ്ശൂർ ഡിസ്ട്രിക്ട് ലീഗൽ സർവീസസ് അതോറിറ്റിയും തിരുവനന്തപുരം ജനമൈത്രി പോലീസും സംയുക്തമായി തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ സൈബർ ബോധവൽക്കരണ നാടകം 'തീക്കളി' അവതരിപ്പിക്കുന്നതാണ്. ഒക്ടോബർ 15 ന് രാവിലെ 10.30 ന് ചേർപ്പ് പഞ്ചായത്തിലും ഉച്ചയ്ക്